## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 6141 — 02.04. 2018 ൽ മറുപടിക്ക്

# **വൈദ്യുതി നിയമ ഭേദഗതി ബിൽ**

| ചോദ്യം<br>ശ്രീ.പി.സി.ജോർജ്ജ് | ഉത്തരം<br>ശ്രീ.എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|
| (എ) പുതിയ വൈദ്യുതി നിയമ ഭേദഗതി ബിൽ കൊണ്ടുവരാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) വൈദ്യുതി നിയമം 2003 ഒരു കേന്ദ്ര നിയമം ആണ്. ഇതിന് ഭേദഗതി വരുത്തുന്ന ബിൽ പാർലമെന്റിൽ അവതരിപ്പിച്ചിട്ടുണ്ട്. |
| (ബി) വൈദ്യുതി വിതരണ മേഖലയെ തകർച്ചയിലേയ്ക്ക് നയിക്കുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തിയ ബില്ലാണിതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൈദ്യുതി വിതരണ മേഖല വിഭജിച്ച്, വിതരണ ലൈനുകളുടെ നിർമ്മാണ-പരിപാലന ചുമതലയുള്ള ഒരു വിതരണ കമ്പനിയായും വൈദ്യുതി വാങ്ങി പ്രസ്തുത ലൈനുകൾ ഉപയോഗിച്ച് വൈദ്യുതി വിൽപ്പന നടത്തുന്ന സപ്ലൈ ലൈസൻസിയും രൂപം കൊള്ളണമെന്ന് ടി കരട് ബിൽ നിർദ്ദേശിക്കുന്നു. പ്രത്യേക വിഭാഗമായി സപ്ലൈ ലൈസൻസി വരുന്നത് ക്രോസ് സബ്സിഡി ഇല്ലാതായി പാവപ്പെട്ട ഉപഭോക്താക്കളെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യം ഉളവാക്കും.<br>മൂലധന മുടക്കില്ലാത്ത സ്വകാര്യ മേഖലയ്ക്ക് വൈദ്യുതി വിതരണ മേഖലയിൽ അവസരം ഒരുക്കുന്നതിലൂടെ മത്സര ക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് നിർദ്ദേശിക്കപ്പെടുന്ന ഭേദഗതികളുടെ അന്തസത്ത.<br>വൈദ്യുതി വിതരണത്തെയും വിതരണ ശൃംഖലയുടെ നടത്തിപ്പിനെയും വെവ്വേറെയാക്കുന്നതിനുള്ള അനുകൂല സാഹചര്യം രാജ്യത്തുണ്ടെന്ന് കരുതാനാവില്ല. ഇത് സാധാരണ ക്കാരന്റെ വൈദ്യുതിയുടെ നിരക്ക് വർദ്ധിപ്പിക്കുകയും വിതരണ കമ്പനികളെ കൂടുതൽ നഷ്ടത്തിലേയ്ക്ക് തള്ളിവിടുകയും ചെയ്യും. മറ്റനേകം അപാകതകൾക്ക് പുറമേ വിതരണ മേഖലയിൽ രണ്ട് അധികാര കേന്ദ്രങ്ങളെ സൃഷ്ടിക്കുന്നത് ഉപഭോക്തൃ സേവന കാര്യത്തിൽ ഉത്തരവാദിത്തമില്ലായ്മയ്ക്ക് വഴിവയ്ക്കും. |
| (സി) ബില്ലിന്റെ ഉദ്ദേശങ്ങളും ലക്ഷ്യങ്ങളും എന്തെന്ന് വിവരിക്കുമോ; | (സി) ഗ്രിഡ് സെക്യൂരിറ്റി, നവീകരണീയ ഊർജ്ജം, ഓപ്പൺ ആക്സസ്, താരിഫിന്റെ പുനർ നിർണ്ണയം, റെഗുലേറ്ററി കമ്മീഷനുകളുടെ ശാക്തീകരണം, വിതരണ മേഖല വിഭജിച്ച് വിതരണ ശൃംഖലയും ശൃംഖല വഴി വൈദ്യുതി വിൽപ്പന നടത്തുന്ന വിഭാഗങ്ങളും വേർതിരിക്കുക എന്നിവ പ്രധാന ഉദ്ദേശങ്ങളിൽപ്പെടുന്നു. |
| (ഡി) ഈ നിയമം എന്ന് പ്രാബല്യത്തിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത്? | (ഡി) ടി കരട് ബിൽ അംഗീകരിച്ച് നിയമം ആകുന്ന മുറയ്ക്കാണ് പ്രാബല്യത്തിൽ വരുന്നത്. ഇത് കേന്ദ്ര പാർലമെന്റിന്റെ അധികാര പരിധിയിൽ വരുന്ന വിഷയമായതിനാൽ എന്ന് മുതൽ നിയമം പ്രാബല്യത്തിൽ വരുമെന്ന് പറയാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ